LIBRARY ARCHIVES Kerala Legislative Assembly

സഹകരണ വായ്പകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

265(279) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്തവർ നിര്യാതരായാൽ ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത വായ്പകൾ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി വായ്പാ ബാദ്ധ്യത ഒഴിവാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളതിനാൽ മുഴുവൻ സഹകരണ വായ്പകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായാണ് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചുവരുന്നത്. കേരളത്തിലെ മുഴുവൻ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര ആവശ്യങ്ങൾക്കെടുക്കുന്ന വായ്പകൾക്ക് (സ്വർണ്ണപ്പണയ വായ്പകളും നിക്ഷേപ വായ്പകളും ഒഴികെയുള്ളവ) റിസ്ക് ഫണ്ട് നിയമാവലി നിബന്ധന ഒന്ന് പ്രകാരം റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചുവരുന്നു. സഹകരണ വായ്പാ സംഘങ്ങളിൽനിന്നും അംഗങ്ങൾക്ക് വായ്പ അനുവദിക്കുമ്പോൾ റിസ്ക് ഫണ്ട് പ്രീമിയം നിയമാനുസൃതമുള്ള തുക ഈടാക്കി ബോർഡിലേയ്ക്ക് അടയ്ക്കേണ്ടത് സംഘം സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്. സംഘങ്ങളിലെ ഡെപ്പോസിറ്റുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന scheme നിലവിലുണ്ട്.

(ബി) യുവ സംരംഭകർക്കും സേവനദാതാക്കൾക്കുംവേണ്ടി രൂപീകരിക്കുന്ന പുതിയ സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 25 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒരു ജില്ലയ്ക്കത്ത് പ്രവർത്തന പരിധിയായിട്ടുള്ള യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തൽപരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവജനങ്ങൾക്ക് സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക എന്നതാണ് ലക്ഷ്യം. വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.